**അഹം ബ്രഹ്മാ ച ശർവശ്ച ജഗത: കാരണം പരം**
**ആത്മേശ്വര ഉപദ്രഷ്ടാ സ്വയം ദൃഗവിശേഷണ: (4–7–50)**
**തസ്മിൻ ബ്രഹ്മണ്യദ്വിതീയേ കേവലേ പരമാത്മനി**
**ബ്രഹ്മരുദ്രൗ ച ഭുതാനി ഭേദേനാജ്ഞോ*ƒ*നുപശ്യതി (4–7–52)**

ഭഗവാൻ ശിവൻ പറഞ്ഞു: "ആരും എനിക്ക് വിരോധികളായിട്ടില്ലതന്നെ. മായയിൽ മയങ്ങിപ്പോയവർക്ക് തെറ്റുതിരുത്തപ്പെടാനുതകുന്നതരത്തിലുള്ള ശിക്ഷാദണ്ഡനം അനുഭവിക്കേണ്ടിവരുന്നുവെന്നു മാത്രം. യാഗാഗ്നിയിൽ കരിഞ്ഞുപോയ ദക്ഷൻെറ തലക്കു പകരം ഒരാടിൻെറ തലയാകട്ടെ. ഭൃഗുമുനിക്ക് ആടിൻെറ താടിയും മീശയും ഉണ്ടാകട്ടെ. ഭഗമിത്രൻെറ കണ്ണുകളിലൂടെ കാഴ്ചയുമാവാം. പൂഷന് യാഗം ചെയ്യുന്നയാളുടെ വായിലൂടെ ഭക്ഷിക്കാം. മറ്റ് ദേവതകളേയും പുനർജ്ജീവിപ്പിക്കാം, കാരണം എനിക്കർഹതപ്പെട്ട യജ്ഞവിഹിതം അവർ തന്നുവല്ലൊ."

മൈത്രേയമുനി തുടർന്നു: മാമുനിമാരും ദേവതകളും ശിവൻെറ ആജ്ഞ നടപ്പാക്കാൻ ഓടി നടന്നു. ആടിൻെറ തല ദക്ഷശരീരത്തോടു ചേർത്തുവെച്ചപ്പോൾ ദക്ഷൻ പുനർജനിച്ചു. വികാരനിർഭരമായ സ്വരത്തിൽ അദ്ദേഹം ശിവനോട് പറഞ്ഞു. "എന്നെ ശിക്ഷിക്കുകവഴി അങ്ങെന്നെ അനുഗ്രഹിച്ചിരിക്കുന്നു. അങ്ങയുടെ വദനത്തിൽ നിന്നാണല്ലൊ ബ്രാഹ്മണരെ സൃഷ്ടിച്ചിരിക്കുന്നത്. അങ്ങവരെ സംരക്ഷിക്കുന്ന വിവിധമാർഗ്ഗങ്ങൾ അതിവിചിത്രങ്ങളത്രെ. അവ പലപ്പോഴും വേദനാജനകവുമാണ്." ബ്രഹ്മാവിൻെറ അനുവാദത്തോടെ യജ്ഞം തുടർന്നു. വിഷ്ണുദേവനെ പ്രീതിപ്പെടുത്തി യാഗശാല ശുദ്ധീകരിച്ചു. അല്ലയോ വിദുര, അവർ ധ്യാനനിരത രായപ്പോൾ, ഭഗവാൻ പ്രഭാപൂരിതനായി അവിടെ പ്രത്യക്ഷമായി. എല്ലാവരും എഴുന്നേറ്റുനിന്നു കൈകൂപ്പി, ഭക്തിപൂർവ്വം ഭഗവാൻെറ അപദാനങ്ങൾ വാഴ്ത്തി. മുഖ്യപുരോഹിതർ, തങ്ങൾക്ക് യാഗകർമ്മാദികൾ മാത്രമേ അറിയാവൂ എന്നും അതിനാലാണ് അവയ്ക്കു പ്രാധാന്യം കൊടുത്തത് എന്നും പറഞ്ഞു. മറ്റു പുരോഹിതർ, തങ്ങൾ ഭഗവൽപ്പാദങ്ങളിലഭയം തേടുന്നതിനു പകരം കേവലങ്ങളായ സുഖഭോഗങ്ങളിൽ മുഴുകി സംസാര ചക്രത്തിൽപ്പെട്ടുഴറുകയാണെന്നും ഏറ്റു പറഞ്ഞു.

ബ്രഹ്മദേവൻ പറഞ്ഞു. "അവിടുന്ന് വിജ്ഞാനത്തിൻെറ മുഴുവൻ അടിത്തറയത്രെ. ജീവാത്മാവിന് മനസ്സിൽ ഉൾക്കൊള്ളാവുന്നതിലും ഇന്ദ്രിയങ്ങൾക്ക് തിരിച്ചറിയാവുന്നതിലും അപ്പുറമത്രെ അത്." സിദ്ധന്മാർ ഭഗവൽക്കഥാമൃതപാനത്തിൽ മുഴുകിയതിനാൽ സുഖദു:ഖാനുഭവങ്ങൾ അവരെ ബാധിച്ചതേയില്ല. യോഗിവര്യന്മാർ, അദ്വൈതോപാസകരാണ് ഭഗവാനേറ്റവും പ്രിയപ്പെട്ടവർ എന്നു പ്രഖ്യാപിച്ചു. ഭഗവാൻ സ്വയം യജ്ഞവും, യജ്ഞകർത്താവും, യജ്ഞഹവിസ്സ് സ്വീകരിക്കുന്നവനും, യജ്ഞവസ്തുക്കളും, യജ്ഞാധിപനായ ദേവതയും എല്ലാമാണെന്ന് ബ്രാഹ്മണർ പ്രഖ്യാപിച്ചു. മറ്റുള്ളവരും ഭഗവാൻെറ അപദാനങ്ങൾ വാഴ്ത്തി.

വിഷ്ണുഭഗവാൻ പറഞ്ഞു: "സൃഷ്ടാവായ ബ്രഹ്മാവും, സംഹാരകനായ ശിവനും, വിശ്വകാരണവും ഞാൻ തന്നെ. ഞാൻ ആത്മാവും, ഈശ്വരനും, എല്ലാത്തിൻേറയും അധിപനും, സ്വയംപ്രഭനും, ഗുണാതീതനുമെന്നറിയുക. എൻെറതന്നെ സൃഷ്ടിയായ മായയിൽ പ്രവേശിച്ച് ഞാൻ വിശ്വത്തിൻെറ സൃഷ്ടിസ്ഥിതിസംഹാരങ്ങൾ നടത്തുന്നു. അജ്ഞാനിയായ മനുഷ്യൻ ഏകബ്രഹ്മമായ എൻെറ വൈവിദ്ധ്യങ്ങളിൽ ആകൃഷ്ടനായി എൻെറ അദ്വൈതഭാവം കാണാതെ പോവുന്നു. താനും സർവ്വതന്ത്ര സ്വതന്ത്രമായ, സനാതനമായ, പരമാത്മാവാണെന്ന് മനസ്സിലാക്കി നാനാത്വത്തിൽ ഏകത ദർശിക്കുന്നവന് പരമശാന്തി ലഭിക്കുന്നു." ഭഗവദനുഗ്രഹത്തോടെ, ദക്ഷൻതുടങ്ങിവെച്ച യാഗം ഭംഗിയായി അവസാനിപ്പിച്ചു. സതി, ഹിമവാൻേറയും മേനയുടേയും മകളായിപ്പിറന്നു. പിന്നീട് തൻെറ നാഥനായ ശിവൻെറ സവിധമണയുകയും ചെയ്തു.

ഈ കഥ കേൾക്കുന്നവർക്ക് ആയുസ്സും പ്രശസ്തിയും പാപമോചനവും ലഭ്യമത്രെ.